OFFICE OF THE INSPECTOR GENERAL OF REGISTRATION
7 FEB 2012

എൽ.ആർ.എ3- 33251/2011

ലാന്റ് റവന്യൂ കമ്മീഷണറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി. 02.02.2012

3165

കമ്മീഷണർ.

രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ,
തിരുവനന്തപുരം.

സർ,

വിഷയം:- കേരള മുദ്രപ്പത്ര നിയമം 54 (2) വകുപ്പ് പ്രകാരം ചാലക്കുടി സബ് രജിസ്ട്രാർ ആഫീസിലെ പി -10/11 നമ്പർ ബന്തവസ്സാധാരം മുദ്രസല നിർണ്ണയം നടത്തുന്നത് - സംബന്ധിച്ച്-

സൂചന:- താങ്കളുടെ 18.7.11 ലെ RR.4-13236/2011 നമ്പർ കത്ത്.

---

കേരള മുദ്രപ്പത്ര നിയമം വകുപ്പ് 54 (2) വകുപ്പ് പ്രകാരം മുദ്രസല നിർണ്ണയത്തിനായി സമർപ്പിച്ചിരുന്ന ചാലക്കുടി സബ് രജിസ്ട്രാർ ഓഫീസിലെ പി-10/11 നമ്പർ ബന്തവസ്സാധാരത്തിൻ മേലുള്ള തീരുമാനം ചുവടെ ചേർക്കുന്നു.

പ്രസ്തുത ബന്തവസ്സ് 593.[illegible] -ാം നം. പരിയാരം സർവീസ് സഹകരണ ബാങ്കിനു വേണ്ടി ബാങ്കിലെ 13623 ാം നം. അംഗമായ ശ്രീ. സന്തോഷ് എന്നവർ അതിന്റെ പ്രസിഡന്റിന്റെയും സെക്രട്ടറിയുടെയും പേർക്ക് എഴുതികൊടുക്കുന്ന തീറാധാരമാണ് ചമച്ചിട്ടുള്ളത്. ടി ബന്തവസ്സാധാരത്തിൽ സഹകരണ ബാങ്കിന്റെ ബിസിനസ് ആവശ്യാർത്ഥമാണ് വസ്തു വാങ്ങുന്നതെന്ന് പറയുന്നുവെങ്കിലും വസ്തു വാങ്ങുക എന്നത് ബാങ്കിംഗ് ബിസിനസ് നടത്തുന്ന ടി ബാങ്കിന്റെ ബൈലോ പ്രകാരമുള്ള ഉദ്ദേശലക്ഷ്യത്തിൽ ഉൾപ്പെട്ടു വരുമോ എന്ന കാര്യത്തിൽ വ്യക്തതയില്ല. കൂടാതെ 19.4.2011 നു മാത്രം ലഭിക്കുന്ന വസ്തു വാങ്ങാൻ 8.3.11 തീയതി ഭരണ സമിതി തീരുമാനമെടുത്തുവെന്നത് വിശ്വസനീയമല്ല എന്ന അഭിപ്രായം നിലനിൽക്കുന്നതാണ്. സമാന സ്വഭാവമുള്ള വണ്ടൂർ സബ് രജിസ്ട്രാർ ഓഫീസിലെ പി.4/09 നം. ബന്തവസ്സാധാരത്തിൻമേൽ ലാന്റ് റവന്യൂ കമ്മീഷണറുടെ 17.12.10 ലെ LR.A3-42428/09 നം. ഉത്തരവനുസരിച്ച് ടി ബന്തവസ്സാധാരത്തിന് മുദ്രയിളവിന് അർഹതയില്ലെന്ന് ഉത്തരവായിട്ടുണ്ട്. ആയതിനാൽ ടി ബന്തവസ്സാധാരത്തിന് കേരള മുദ്രപ്പത്ര നിയമം പട്ടിക ആർട്ടിക്കിൾ 21 പ്രകാരം 4,09,500/- രൂപയുടെ 7% നിരക്കിൽ 28,665/- രൂപയുടെ മുദ്രസല ആവശ്യമാണെന്നുള്ള താങ്കളുടെ അഭിപ്രായത്തോടു യോജിക്കുന്നുവെന്ന വിവരം അറിയിക്കുന്നു.

വിശ്വസ്തതയോടെ
(ഒപ്പ്)
കമ്മീഷണർ

അംഗീകാരത്തോടെ
സൂപ്രണ്ട്

പുറത്തെഴുത്ത് നമ്പർ RR4-13236/11

രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിന്റെ കാര്യാലയം
തിരുവനന്തപുരം, തീയതി. 10/02/2012

ഉത്തരവിന്റെ പകർപ്പ് അറിവിനും തുടർനടപടികൾക്കുമായി അയക്കുന്നു. ആധാരത്തിന്റെ രജിസ്ട്രേഷൻ നടപടി പൂർത്തിയാക്കി വിവരം യഥാസമയം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

9/2/12